പത്രക്കുറിപ്പ്
16-12-2016

# വൾണറബിലിറ്റി മാപ്പിംഗിലൂടെ ലക്ഷ്യമിടുന്നത് സ്ത്രീ-പുരുഷ-ശിശു സൗഹൃദമേഖലകൾ:

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വൾണറബിലിറ്റി മാപ്പിംഗിലൂടെ സംസ്ഥാനത്ത് സ്ത്രീ-പുരുഷ-ശിശു സൗഹൃദമേഖലകൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമിടുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പറഞ്ഞു. പദ്ധതിയുടെയും ഇതിനോടനുബന്ധിച്ചുള്ള ശിൽപശാലയുടെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ഓരോ പഞ്ചായത്തിലും സുരക്ഷാഭീഷണി ഉയർത്തുന്ന കാരണങ്ങളും സാഹചര്യങ്ങളും വ്യക്തമായി തിരിച്ചറിയുന്നതിനുള്ള അവസ്ഥാപഠനമാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ സുരക്ഷഉറപ്പാക്കുന്ന സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന അയൽക്കൂട്ടതലങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പു വരുത്തണം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നീക്കി വെക്കാനാകും. ആദ്യഘട്ടത്തിൽ ഇരുപത്തിയെട്ടു പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. അടുത്ത അഞ്ചു വർഷം കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളും വൾണറബിലിറ്റി മാപ്പിംഗിന്റെ പരിധിയിൽ കൊണ്ടു വരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സ്ത്രീകൾക്ക് ജീവനോപാധി മാർഗങ്ങൾ നൽകുന്നതോടൊപ്പം അവരിൽ ആത്മവിശ്വാസം വളർത്തേണ്ടതും ആവശ്യമാണ്. സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അതും വലിയൊരു ഘടകമാണ്. അയൽക്കൂട്ടതലത്തിൽ നിരാലംബരായ സ്ത്രീകൾ അതിക്രമങ്ങൾ നേരിടുന്ന സാഹചര്യമുണ്ടായാൽ അതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സി.ഡി.എസ് ചെയർപേഴ്സൺമാർ ജില്ലാ മിഷൻ അധികൃതർക്ക് കൈമാറണമെന്നും സാധ്യമായ എല്ലാ പിന്തുണയും ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ സ്വാഗതം പറഞ്ഞു. നഗരസഭാ ഡെപ്യൂട്ടി മേയർ രാഖി രവി കുമാർ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ അമൃത ജി.എസ്, പ്രോഗ്രാം മാനേജർ സോയ തോമസ് എന്നിവർ ആശംസാ പ്രസംഗം നടത്തി. പഞ്ചായത്ത് അസോസിയേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.ബി മദൻ മോഹൻ ശിൽപശാല നയിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, ജെൻഡർ കൺസൾട്ടന്റ്മാർ, ജെൻഡർ കോർ ടീം അംഗങ്ങൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.